# ജ്യോതിശാസ്ത്ര ക്വിസ് (ചോദ്യങ്ങളും ഉത്തരങ്ങളും)

## യു. പി. വിഭാഗം

സമയം : 20 മിനുട്ട്
മാർക്ക് : 5.

(അഞ്ചു ചോദ്യങ്ങളാണുള്ളത്. ഓരോന്നിനും ഓരോ മാർക്കുവീതം)

1. പ്രാചീനകാലത്ത് ജ്യോതിശാസ്ത്ര പഠനങ്ങളുടെ ഏതെങ്കിലും രണ്ട് ഉപയോഗങ്ങൾ പറയുക.

ഉത്തരം : ദിക്കറിയാൻ, സമയം അളക്കാൻ, കാലാവസ്ഥ പ്രവചിക്കാൻ (ഏതെങ്കിലും രണ്ടെണ്ണം മതി. $\frac{1}{2}$ മാർക്കുവീതം)

2. ഏതെങ്കിലും രണ്ട് സൗര രാശികളുടെ പേരു പറയാമോ ?

ഉത്തരം : മേടം, ഇടവം...മീനം (ഏതെങ്കിലും 2 എണ്ണം മതി. $\frac{1}{2}$ മാർക്ക വീതം)

3. സൂര്യൻ ഇപ്പോൾ ഏതു് രാശിയിലാണ് ഉള്ളത് ?

ഉത്തരം : തുലാം രാശിയിൽ (തുലാം 29 ആണ് ഇന്ന്.)

4. ഇന്ന് ഒരു കുഞ്ഞു ജനിച്ചാൽ അതിന്റെ നാൾ ചോതിയായിരിക്കും. എന്താണ് ഈ പറഞ്ഞതിന്റെ അർത്ഥം ?

ഉത്തരം : ഇന്നു് ചന്ദ്രൻ ചോതി നാളിലാണ്/ചന്ദ്രൻ ചോതി നക്ഷത്രത്തിനു് സമീപമാണ്.

5. ജ്യോതിഷത്തിലെ നവഗ്രഹങ്ങളും ഇന്നു നമുക്കറിയാവുന്ന നവഗ്രഹങ്ങളും (സൂര്യന്റെ ഗ്രഹങ്ങൾ) തമ്മിൽ വ്യത്യാസമുണ്ടെന്നു നിങ്ങൾക്കറിയാം. ഇന്നത്തെ നവഗ്രഹങ്ങളിൽ ഉൾപ്പെട്ട ഏതൊക്കെ ഗോളങ്ങളാണ് ജ്യോതിഷത്തിലെ നവഗ്രഹങ്ങളിൽ പെടാത്തത് ? ഭൂമി ഒഴികെ ബാക്കി പറഞ്ഞാൽ മതി.

ഉത്തരം : യുറാനസ്, നെപ്റ്റ്യൂൺ, പ്ലൂട്ടോ.

( മാർക്ക് 2ന് $\frac{1}{2}$, 3ന് 1 )